(ബി) മത്സ്യത്തിന്റെ കാര്യത്തിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തത യിലേക്ക് നയിക്കാനുതകുന്ന എന്തെങ്കിലും പദ്ധതിയുണ്ടോ; എങ്കിൽ വ്യക്ത മാക്കുമോ?

ഉത്തരം

(എ) അല്ല.

(ബി) കടൽമേഖലയിലെയും, ഉൾനാടൻ മേഖലയിലെയും ഉൽപ്പാ ദനം ഗണ്യമായി വർദ്ധിപ്പിച്ച്, സംസ്ഥാനത്തെ സ്വയം പര്യാപ്തതയിലേക്ക് നയിക്കുവാൻ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. ജനകീയ മത്സ്യക്കൃഷി

2. ഫിഷ് ഫാർമേഴ്സ് ഡെവലപ്പ്മെന്റ് ഏജൻസി സഹായത്തോടെ യുള്ള മത്സ്യക്കൃഷി

3. ബ്രാക്കിഷ്വാട്ടർ ഫിഷ്ഫാർമേഴ്സ് ഡെവലപ്പ്മെന്റ് ഏജൻസിവഴി യുള്ള സഹായത്തോടെയുള്ള ഓരുജല മത്സ്യക്കൃഷി

4. ജലസംഭരണിയിലെ മത്സ്യക്കൃഷി

5. സാമൂഹ്യ മത്സ്യക്കൃഷി

6. ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കലും വളർത്തലും.

7. സംയോജിത മത്സ്യക്കൃഷി

8. എറണാകുളം ജില്ലയിലെ പൊക്കാളി നിലങ്ങളിൽ സംയോജിത ചെമ്മീൻ കൃഷി

9. ശുദ്ധജല ചെമ്മീൻ കൃഷി

10. കടലിൽ മത്സ്യക്കുഞ്ഞുങ്ങളെ വിതയ്ക്കുന്ന പദ്ധതി തുടങ്ങിയവ യാണ് പ്രധാന പദ്ധതികൾ.

6 (1106) **മത്സ്യബന്ധന ബോട്ടുകൾക്ക് ആവശ്യത്തിന് മണ്ണെണ്ണ.**

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. പി.കെ. അബ്ദു റബ്ബ് :
ശ്രീ. ഇസഹാക് കുരിക്കൾ :
ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യബന്ധന ബോട്ടുകൾക്ക് ആവശ്യത്തിന് മണ്ണെണ്ണ ലഭിക്കാ ത്തതിനാൽ അവയുടെ പ്രവർത്തനം പൂർണ്ണ തോതിൽ നടത്തുവാൻ ബോട്ടുടമകൾക്ക് സാധിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബോട്ടുകൾ മുടക്കം കൂടാതെ പ്രവർത്തിപ്പിക്കാൻ ആവശ്യമായ മണ്ണെണ്ണ ലഭ്യമാക്കാൻ സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാ ക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)&(ബി) മത്സ്യബന്ധന ബോട്ടുകൾക്ക് മത്സ്യബന്ധനത്തിനായി മണ്ണെണ്ണ ലഭ്യമാക്കാറില്ല.

7 (1107) ഹൈ സ്പീഡ് ബോട്ടുകൾ

ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷറീസ് വകുപ്പിലേക്ക് ഇതുവരെ എത്ര ഹൈ സ്പീഡ് ബോട്ടുകൾ നിർമ്മിച്ചിട്ടുണ്ട്;

(ബി) ഇതിൽ എത്ര ബോട്ടുകൾ പ്രവർത്തിക്കുന്നുണ്ട്; എത്ര ബോട്ടുകൾ പ്രവർത്തിക്കുന്നില്ല.

(സി) എല്ലാ ബോട്ടുകളും ഉപയോഗിക്കാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 5 എണ്ണം.

(ബി) 4 ബോട്ടുകൾ പ്രവർത്തിക്കുന്നുണ്ട്. 1 ബോട്ട് ഇപ്പോൾ റിപ്പയറിംഗിലാണ്.

(സി) 'കല്യാണി' എന്ന ബോട്ടിന്റെ പ്രൊപ്പല്ലറിനും, ക്ലച്ചിനും ഉണ്ടായ തകരാറുകൾമൂലം അടിയന്തിര അറ്റകുറ്റപ്പണികൾക്കായി കൊച്ചിയിൽ ബർത്ത് ചെയ്തിരിക്കുകയാണ്.

8 (1108) പുതിയ മത്സ്യ ഹാച്ചറികൾ

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ മത്സ്യ ഹാച്ചറികൾ എവിടെയെല്ലാം ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പുതുതായി മത്സ്യ ഹാച്ചറികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ എവിടെയെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) മത്സ്യ ഹാച്ചറികൾ ആരംഭിക്കുന്നതിന്റെ മാനദണ്ഡം എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ഇ) മത്സ്യബന്ധനവുമായി ബന്ധപ്പെട്ട തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ക്ഷേമനിധി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly